മൂവായിരത്തോളം വരുന്ന ഹരിജൻ പെൺകുട്ടികൾക്ക് കഴിഞ്ഞ ഒരു വർഷമായി മാസംതോറും ലഭിച്ചുകൊണ്ടിരുന്ന 90 രൂപ സ്പൈപ്പൻറും 130 പേർക്ക് ഷംപൂ സംഗ്രാൻറും മാനേജ്മെൻറിന് കുട്ടിയൊന്നിന് 25 രൂപ വീതം നൽകുന്ന ട്യൂഷൻ ഫീസും നൽകിയിട്ടില്ല. 11-2-1986-ൽ പുറപ്പെടുവിച്ച ഉത്തരവിൻെറ ഫലമായിട്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്. അതിൽ ഒരു വിവേചനം കാണിച്ചിരിക്കുകയാണ്. ഹരിജനങ്ങളല്ലാത്ത മാനേജർമാർ നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിലെ 75 ശതമാനം കുട്ടികൾ പരീക്ഷയ്ക്കിരുന്നാൽ മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളുവെന്ന് ഗവൺമെൻറ് ഉത്തരവിൽ പറഞ്ഞിരിക്കുന്നു. അതോടൊപ്പം ഹരിജനങ്ങൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിലെ കുട്ടികളിൽ 50 ശതമാനം ഹാജരായാൽ ഈ ആനുകൂല്യം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതുമൂലം ഈ 300 കുട്ടികൾ കഷ്ടത്തിലാണ്; മാനേജർമാരും കഷ്ടത്തിലാണ്. അവർക്ക് കെട്ടിടത്തിന് വാടക കൊടുക്കാൻ നിവൃത്തിയില്ല. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ നിവൃത്തിയില്ല. അതിന് പരിഹാരം ഉണ്ടാകണം. ഇതുവരെ അവിടെ പഠിച്ച എല്ലാ കുട്ടികൾക്കും ഈ ആനുകൂല്യം നൽകാൻ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.കെ. കരുണാകരൻ) : സർ, അതൊരു വിദ്യാലയമാണോ യെന്നുതന്നെ സംശയിക്കത്തക്ക വിധത്തിലാണ് അതിൻെറ പ്രവർത്തനം. നൂറ്-നൂറിയിരുപത് വിദ്യാർത്ഥികളുടെ ലിസ്റ്റ് കൊടുത്തിട്ട് ഒന്നോ രണ്ടോ തയ്യൻമീഷ്യനാണുള്ളത്. അതുതന്നെയും ശരിയായിട്ടു നടക്കുന്നില്ല: ഇതൊരു വെറും പഠിപ്പായി മാറിയിരിക്കുകയാണ്. ഇതിനൊരു അവസാനമുണ്ടാക്കണമെന്നാണ് ഗവൺമെൻറിൻെറ ആഗ്രഹം. 75 ശതമാനം ഹരിജൻ കുട്ടികളെയും പരീക്ഷയ്ക്കിരുത്തുകയാണ്. ആരും പാസാകുന്നില്ല. പരീക്ഷയ്ക്കിരുത്തിയാൽ അവർക്ക് ഈ പറഞ്ഞ ആനുകൂല്യങ്ങൾ കൊടുക്കണം. കുട്ടികളുടെ എണ്ണം കൂട്ടിയാൽ മാനേജുമെൻറിന് 25 രൂപ വീതം കിട്ടും. അതിനുവേണ്ടിയിട്ട് കുട്ടികളെ ചേർത്തതായി കൃത്രിമമായി രജിസ്റ്ററർ ഉണ്ടാക്കുന്നു. ഈ പഠിപ്പ് നിർത്തല്ലാക്കുന്നതിനുവേണ്ടി മനഃപൂർവ്വമായി നടപടികൾ എടുത്തതാണ്. കൊടുക്കുന്ന കാശ് പാവപ്പെട്ട ഹരിജനങ്ങൾക്കുതന്നെ കിട്ടണം. അതിനുവേണ്ടിയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഹരിജനങ്ങളെന്നോ ഹരിജനങ്ങളല്ലാത്തവരെന്നോ ഉള്ള വിവേചനം കൂടാതെ എല്ലാ സ്ഥാപനങ്ങളിലും 75 ശതമാനം കുട്ടികൾ ഹാജരുണ്ടെങ്കിൽ സഹായം കൊടുക്കും.

(19) നിലമ്പൂർ സർക്കാരാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. ടി.കെ. ഹംസ : സർ, 10 പഞ്ചായത്തുകളുടെ ഏക ആശ്രയമാണ് നിലമ്പൂർ സർക്കാർ ആശുപത്രി. ഒന്നര ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. ഈ ആശുപത്രിക്കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞ് തകർന്നുകിടക്കുകയാണ്. കെട്ടിടം മുഴുവൻ ചോർന്നൊലിക്കുകയാണ്. കക്കൂസ് പൊട്ടിയൊലിക്കുന്നതുകൊണ്ട് രോഗികൾക്ക് അവിടെ കിടക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ 5 കൊല്ലത്തിനിടയ്ക്ക് യാതൊരു അറ്റകുറ്റപ്പണിയും അവിടെ നടത്തിയിട്ടില്ല. ഒരു ലേഡി ഡോക്ടറോ ഗൈനക്കോളജിസ്റ്റോ അവിടെയില്ല. അതിൻെറ ബുദ്ധിമുട്ടുകൾ വളരെയധികമാണ്. മരുന്നുകളും അത്യാവശ്യത്തിന് കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ സത്വരമായി പതിയണം എന്ന് അപേക്ഷിക്കുകയാണ്. അങ്ങയ്ക്ക് വകുപ്പുകൾ ധാരാളമുള്ളതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാം. എങ്കിലും ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ആശുപത്രിക്കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം, ഞാൻ ഇതിനുമുമ്പ് സഭയിൽ പറഞ്ഞിട്ടുള്ളതുപോലെ ഏറെറടുത്ത പ്രവർത്തനങ്ങളം പൂർത്തിയാക്കാൻതന്നെ പണം പോരാതെയിരിക്കുകയാണ്. എങ്കിലും വളരെയധികം പിന്നോക്കം നിൽക്കുന്ന ചില ആശുപത്രികളം എന്റെ അനുഭവത്തിൽത്തന്നെയുണ്ട്. അതിലൊന്നായിട്ട് നിലമ്പൂർ ആശുപത്രിയേയും കണക്കാക്കാം. എന്തായാലും ശരി അവിടെയുള്ള തസ്തികകളെല്ലാം തന്നെ നികത്തിയിട്ടുണ്ട്. കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ആശുപത്രികളുടെ പ്രത്യേക കണക്കെടുത്ത് പ്രയോറിറ്റി കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(20) കാസർകോട്ടെ വരൾച്ച

Dr. A. Subba Rao : Sir, Kasargod District is facing the possibility of a serious drought similar to that of 1933 where there was acute shortage of water and heavy loss of Agricultural production.

This year also there has been no rains since the month of December till I gave notice of this sub nission. Already there is scarcity of drinking water in several parts of the District especially in almost all Harijan colonies.

The water supply in Kasargod Muncipality and many Panchavats have broken down. Some bore wells have been dug since the last drought w .ich is absolutely inadequate. Many of the bore wells dug have yet to be provided with even hand pumps and many of the han-l pumps fitted have gone out of order and have yet to be repaired since several months.

Steel Storage Tanks which are meant to store the water from these pumps and supply water through pipes have yet to be installed.

Tanks and wells are getting dry and hence the agriculturists are finding difficult to irrigate their fields and gardens. The situation will worsen if the rains fail. It is the duty of the Government to provided drinking water to the people and help the agriculturists to protect their crops.

Number of bore wells have yet to be dug in all vulnerable areas. The Agriculturist have to be helped by way of granting subsidy to dig bore wells or construct tanks. Electricity connection should be given on priority basis to bore wells and pumps of the agriculturists.

The Government did not given any relief or compensation to the agriculturists of that District when they suffered a huge loss as a result of the unprecedented drought in 1983. This discrimination should end and necessary measures to ameliorate the difficulties of the people as a result of the impending drought have to be taken in advance. Sir, I do hope that the Government will take immediate steps.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പൊതുവേ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ആ അടിസ്ഥാനത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ജലക്ഷാമമുള്ളതെന്ന് പരിശോധിച്ച് ആ പ്രദേശങ്ങളം വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കാനുള്ള നിർദ്ദേശം കളക്ടർമാർക്ക് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ആവശ്യമായ നടപടി കളക്ടർമാർ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly